പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 278 — 10/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.രാജു എബ്രഹാം : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി പദ്ധതികൾ ആരംഭി ച്ചിട്ടുണ്ടോ; | (എ) | പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ മാതൃകാ കോളനികൾ, ഹാംലറ്റ് ഡെവലപ്മെന്റ് എന്നീ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |
| (ബി) | പത്തനംതിട്ട ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത് ഏതൊക്കെ സ്ഥലങ്ങളിലാണ്; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടു ത്തിയിട്ടുള്ളത്; എന്തൊക്കെ പദ്ധതിക ളാണ് ഇവിടെ നടപ്പിലാക്കുന്നത്; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണ മെന്ത്; | (ബി) | പത്തനംതിട്ട ജില്ലയിൽ മാതൃകാ കോളനി പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യം കണ്ടെത്തിയ സ്ഥലം ചാലക്കയമാണ്. ടി സ്ഥലം നിലയ്ക്കൽ ഇടത്താവളത്തിന്റെ ഭാഗമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തർക്കം ഉന്നയിച്ചതിനാൽ ജില്ലയിലെ ളാഹ-പമ്പ റോഡിൽ, റാന്നി-പെരുനാട് വില്ലേജിലെ സർവ്വെ നം.953/1-ൽപ്പെട്ട വനം വകുപ്പിന്റെ അധീനതയിലുള്ള മഞ്ഞത്തോട് എന്ന സ്ഥലം കണ്ടെത്തി മാതൃകാ കോളനി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. മാതൃകാ കോളനിയിൽ ഭവന നിർമ്മാണത്തിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡി നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പുതിയതായി കണ്ടെത്തിയ സ്ഥലം വനം വകുപ്പിൽ നിന്നും ലഭ്യമായാൽ ഉടൻതന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷം ആരംഭിക്കുന്ന ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതിയ്ക്കായി പത്തനംതിട്ട ജില്ലയിലെ നാറാണമൂഴി ഗ്രാമപഞ്ചായത്തിലെ കുറുമ്പൻമൂഴി പട്ടികവർഗ്ഗ സങ്കേതമാണ് പരിഗണിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ത്വരിതഗതിയിൽ ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പത്തനംതിട്ട ജില്ലയിൽ മോഡൽ കോളനിക്കായി കണ്ടെത്തിയ വനഭൂമി വിട്ടുകിട്ടുന്നതിന് 1980-ലെ വന സംരക്ഷണ നിയമം അനുസരിച്ച് വനം വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അവികസിതമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കേണ്ട പശ്ചാത്തല വികസന പദ്ധതികളും സാമ്പത്തിക വികസന പദ്ധതികളും ലക്ഷ്യമാക്കി പട്ടികവർഗ്ഗക്കാർക്ക് പ്രതീക്ഷയുടെ ദിശാബോധം നൽകുന്ന തരത്തിൽ ആവശ്യമായ പ്രൊജക്റ്റുകൾ ആവിഷ് ക്കരിച്ച് നടപ്പിലാക്കാനാണ് ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി വിഭാവനം ചെയ്യുന്നത്. തിരഞ്ഞെടുക്കുന്ന പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റ്, നടപ്പാത,കമ്മ്യൂണിറ്റി സെന്റർ, അംഗനവാടി കെട്ടിടം, ലിങ്ക് റോഡ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന് വേണ്ടി നടപ്പു സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലത്തെ എം.പി/ എം.എൽ.എ, തദ്ദേശ-സ്വയംഭരണ സ്ഥാപന ങ്ങളിലെ ജനപ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ തിരഞ്ഞെടുക്ക പ്പെടുന്ന സങ്കേതങ്ങളിലെത്തി വിപുലമായ ഊരുകൂട്ടം ചേർന്ന് അത്യാവശ്യം നടപ്പാക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ തീരുമാനിച്ച് സർക്കാർ അക്രഡിറ്റു ചെയ്ത ഏജൻസികളിൽ എം.പി / എം.എൽ.എ നിശ്ചയിക്കുന്ന നിർവ്വഹണ ഏജൻസി മുഖേന വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ